# തിരു-കൊച്ചി നീര വിപണിയില്‍

Story Dated: Sunday, December 14, 2014 01:39



കൊച്ചി: നാളികേര ഉല്‍പാദക സൊസൈറ്റിയുടെ നേതൃത്വത്തില്‍ രൂപീകരിച്ച തിരുകൊച്ചി നാളികേര ഉല്‍പാദക കമ്പനിയുടെ തിരുകൊച്ചി നീര മന്ത്രി കെ. ബാബു പുറത്തിറക്കി. സംസ്ഥാനത്തെ 173 ഫെഡറേഷനുകള്‍ക്ക് നീര ഉല്‍പാദിപ്പിക്കുന്നതിന് ലൈസന്‍സ് നല്‍കാന്‍ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു.

നീരയ്ക്ക് പുറമേ മറ്റു മൂല്യവര്‍ധിത ഉല്‍പന്നങ്ങള്‍ കൂടി പുറത്തിറക്കുന്നതോടെ നാളികേര കര്‍ഷകര്‍ നേരിടുന്ന പ്രതിസന്ധി ഇല്ലാതാകുമെന്നും മന്ത്രി കൂട്ടിച്ചേര്‍ത്തു.

കൊച്ചി നാളികേര വികസന ബോര്‍ഡ് ആസ്ഥാനത്തു നടന്ന ചടങ്ങില്‍ തിരുകൊച്ചി കമ്പനി ചെയര്‍മാന്‍ ജോസഫ് ബാബു അധ്യക്ഷനായി.

നാളികേര വികസന ബോര്‍ഡ് ചെയര്‍മാന്‍ ടി.കെ. ജോസ്, കൊച്ചി മേയര്‍ ടോണി ചമ്മണി, ഏലിയാസ് കെ. തര്യന്‍, ബിജു ജോണ്‍ എന്നിവര്‍ സംബന്ധിച്ചു.

200 മില്ലി, 1ലിറ്റര്‍ ബോട്ടിലിലുകളിലായാണ് കമ്പനി നീര വിപണിയിലെത്തിച്ചത്. നേരത്തെ നീര ശര്‍ക്കര കേക്ക് വിപണിയില്‍ എത്തിച്ചിരുന്നു. നീര ഹണി, ജാഗരി എന്നീ അനുബന്ധ ഉല്‍പന്നങ്ങളും വിപണിയിലെത്തിക്കാന്‍ സജ്ജമായതായി ചെയര്‍മാന്‍ പറഞ്ഞു.